


പരിമളം തൂകി പാരിൽ വന്നൊരു
പനിനീർകുസുമം ബെറ്റ്സീ നീ
പരിശുദ്ധാത്മ നിറവിലായ്
പതിനൊന്നുവർഷമീ ധരണിയില്
പങ്കിട്ടു നൽകി സ്വർഗദൂതുകള്
പഥികരാം ഞങ്ങൾക്കേവർക്കും.

ദൈവത്തിൻ കൃപ നിറഞ്ഞ മകളായ്
ദൈവരഹസ്യം വെളിവാക്കാന്
ദൈവസ്നേഹത്താൽ നിര്ഭരമാക്കി
ദൈവനിയോഗം നമുക്കേകാനായ്
ദൈവം ലാളിച്ച കൊച്ചുപുത്രിയെ
ദൈവേച്ഛയാലെ ദിനമോർത്തീടുമെന്നും.

ധന്യ ജീവിത മാർഗദീപമായ്
ധരയിൽ ജീവിപ്പാന് ദൈവപ്രേരിത
ധര്മ്മസൂത്രങ്ങൾ മൂന്നിലൊതുക്കി
ധര്മസംഹിതയാക്കി ഞങ്ങൾക്കും
ധാന്യമണികളായ് നൽകി പെട്ടെന്ന്
ധരണിയിൽനിന്നും സ്വർഗ്ഗം പൂകി നീ.

സത്യമാം സ്നേഹം ദൈവമെന്നതാൽ
സത്യമായ് സ്നേഹിക്കന്യോന്യം
സത്ഗുണമായി സോദരർ തമ്മില്
സന്നതി ചെയ്താല് ദൈവസംപ്രീതി.
സചനമായുള്ള മനുജന്മാർ ദിനവും
സമ്പന്നരാകും ഐക്യസ്നേഹത്താൽ.

പുഞ്ചിരി എന്നതൊരൌഷധമായി
പുലർകാലേ നല്കിയാലെന്നു മന്യോന്യം
പുനിതമായ്ത്തീരും അദ്ദിനം മനുജാ
പുഞ്ചിരിയാല് പകരൂ ദൈവസ്നേഹത്തെ
പുണരുവാൻ യേശുനാഥന് നില്കുന്നു
പുഞ്ചിരിതൂകി നിന്നെയെതിരേൽപ്പാൻ.

സന്തോഷമെന്നാൽ പുല്കേണം ദൈവ
സന്നിധീല് നിന്നു ദിനംതോറുമേ
സന്തോഷമെന്നാൽ ദൈവത്തോടോത്തു
സന്നിവേശിച്ചാൽ മാത്രമേ
സന്താപമില്ല സന്തോഷം മാത്രം
സര് വേശന് കൂടെ വാഴുമ്പോൾ.

[Tribute to Betsy Charles John who joined Heavenly Abode on Jan 23, 2017 at the age of 11, who wrote down the tips for abundant life as Love, Smile and Happiness in Christ]